(സി) ഈ പുനഃസംഘടനാ പദ്ധതിക്ക് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി; മറ്റേതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാണോ;

(ഡി) ഈ പദ്ധതി വഴി സംസ്ഥാനത്തെ ഏതെല്ലാം ഐ.ടി.ഐ.കൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ സാദ്ധ്യതയുള്ളതും ഏറ്റവും പുതിയതുമായ ട്രേഡുകൾ തുടങ്ങുന്നതിന് കേരളത്തിനകത്തും, പുറത്തും സന്ദർശനം നടത്തി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ "സെന്റർ ഫോർ മാനേജുമെന്റ് ഡവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം" എന്ന സ്ഥാപനത്തിനെ നിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് ഉടൻ ലഭ്യമാക്കുന്നതാണ്.

(സി) ഈ പദ്ധതിയ്ക്ക് ഇതിനകം 10.61 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷമേ ഇതു സംബന്ധിച്ച മൊത്തം ചെലവ് എത്ര വരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഡി) സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് അധികൃതരിൽനിന്നും പഠന റിപ്പോർട്ട് ലഭിച്ചശേഷമോ ഇതു സംബന്ധിച്ച വ്യക്തമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

വ്യാവസായിക പരിശീലന കോഴ്സുകൾ പരിഷ്ക്കരിക്കൽ

45 [2082] ശ്രീ. യു. സി. രാമൻ :

„ സി. മോയിൻകുട്ടി :

„ സി. മമ്മൂട്ടി :

„ ടി. പി. എം. സാഹിർ :

„ ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരോഗതി നേടിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയുടെ ആവശ്യത്തിനനുസരണമായി നിലവിലുള്ള പരിശീലന കോഴ്സുകൾ പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള ട്രേഡുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 8 പരമ്പരാഗത ട്രേഡുകൾ നിർത്തലാക്കുകയും, പകരം തൊഴിൽ സാദ്ധ്യതയേറിയ 6 ആധുനിക ട്രേഡുകൾ വിവിധ ഐ.ടി.ഐ.കളിലായി ആഗസ്റ്റ് 2003 മുതൽ ആരംഭിക്കുകയുണ്ടായി. കൂടാതെ 17 ഐ.ടി.ഐ.കളിലെ തൊഴിൽ സാദ്ധ്യത കുറഞ്ഞ 10 ട്രേഡുകളിലെ യൂണിറ്റുകൾ നിർത്തലാക്കുന്നതിനും, ഉയർന്ന തൊഴിൽ സാദ്ധ്യതയുള്ള 13 ആധുനിക ട്രേഡുകൾ ആഗസ്റ്റ് 2004 മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും അവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുകയും ചെയ്തുവരുന്നു.

(ബി) ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2003 ആഗസ്റ്റ് മുതൽ നിർത്തലാക്കിയ ട്രേഡ്	2003 ആഗസ്റ്റ് മുതൽ പുതുതായി നടത്തുന്ന ട്രേഡുകൾ
1. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	1. ടൂൾ ആന്റ് ഡൈമേക്കർ (ജിക്സ് ആന്റ് ഫിക്ചേർസ്)
2. ഫൗണ്ട്രിമാൻ	2. കോപ്പ
3. മെക്കാനിക്ക് റേഡിയോ ആന്റ് ടെലി വിഷൻ	3. മെക്കാനിക്ക് മെഡിക്കൽ/ ഇലക്ട്രോണിക്സ്
4. വയർമാൻ	4. ഇലക്ട്രോപ്ലേറ്റർ
5. മെക്കാനിക്ക് ട്രാക്ടർ	5. മെക്കാനിക്ക് ഡീസൽ
6. വെൽഡർ	6. അഡ്വാൻസ് ഡിപ്ലോമാ ഇൻ ഓഫീസ് ഓട്ടോമേഷൻ
7. പോസ്റ്റ് ഐ.ടി.ഐ. ഇൻ ടി. വി. ടെക്നീഷ്യൻ	
8. സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്)	

2004 ആഗസ്റ്റ് മുതൽ നിർത്തലാക്കിയ ട്രേഡ്	2004 ആഗസ്റ്റ് മുതൽ പുതുതായി തുടങ്ങുന്ന ട്രേഡ്
1. ഇൻഡസ്ട്രിയൽ പ്ലംമ്പർ	1. സാനിട്ടറി ഹാർഡ്വെയർ ഫിറ്റർ
2. വാച്ച് ആന്റ് ക്ലോക്ക്	2. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്
3. സ്റ്റെനോഗ്രാഫി (ഇ)	3. ഹോസ്പിറ്റൽ ഹൗസ്കീപ്പിംഗ്
4. ഹെയർ ആന്റ് സ്കിൻകെയർ	4. ഇലക്ട്രീഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly

5. ഫൗണ്ട്രിമാൻ
6. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ
7. എം.ആർ.ടി.വി.
8. സ്റ്റെനോഗ്രാഫി (ഹിന്ദി)
9. പോസ്റ്റ് ഐ.ടി.ഐ., എം.ആർ.എ.സി.
10. പോസ്റ്റ് ഐ.ടി.ഐ., എം.ആർ.ടി.വി.

5. ഡ്രൈവർ-കം-മെക്കാനിക്ക്
6. ഡാറ്റാ എൻട്രി ഓപ്പറേറ്റർ
7. മെക്കാനിക്ക് കംപ്യൂട്ടർ
8. ഹോർട്ടികൾച്ചർ
9. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
10. ഡയറിംഗ്
11. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
12. മെക്കാനിക് ഇൻഡസ്ട്രിയിൽ ഇലക്ട്രോണിക്സ്
13. മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്

ഫ്ളോർ ലെവൽ മിനിമം വേജസ്

46 [2083] ശ്രീ. പി. കെ. കെ. ബാവ :

,, കളത്തിൽ അബ്ദുള്ള :

,, കെ.എൻ.എ. ഖാദർ :

,, ടി. പി.എം. സാഹിർ :

,, ചെർക്കുളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മേഖലകളിലാണ് പുതുതായി ഫ്ളോർ ലെവൽ മിനിമം വേജസ് നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നത് ;

(ബി) ഇത് എന്നത്തേക്ക് നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം എത്ര പേർക്ക് ഗുണം ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫ്ളോർലെവൽ മിനിമം വേതനം നടപ്പിലാക്കിയിട്ടില്ല. മിനിമം വേതന നിയമപ്രകാരമാണ് സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കുന്നത്. 1-2-2004 മുതൽ ദേശീയ മിനിമം വേതനം 66 രൂപയായി കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ആന്റ് (സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly